സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ തസ്തികകൾക്ക് അനുമതി ലഭിക്കുന്നതുവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അഡ്ഹോക്ക് ഒഴിവിൽ നിയമനം നടത്തേണ്ടതുണ്ട്. അംഗീകൃത തസ്തികകളിലെ ഒഴിവുകളിൽ പി.എസ്.സി. ലിസ്റ്റിൽ നിന്ന് മാത്രമേ നിയമനം നടത്തുന്നുള്ളൂ.

(ഇ) ബിവറേജസ് കോർപ്പറേഷനിലെ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സമർപ്പിച്ച പഠന റിപ്പോർട്ട് പരിഗണിച്ചു വരുന്നു.

ബാറുകൾ നിർത്തലാക്കിയതിന്റെ ഭാഗമായി നികുതി വരുമാനത്തിലുണ്ടായ കുറവ്

90 (95) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ബാറുകൾ നിർത്തലാക്കിയതിന്റെ ഭാഗമായി നികുതി വരുമാനത്തിൽ എത്ര രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

സംസ്ഥാനത്ത് ബാറുകൾ നിർത്തലാക്കിയതിനുശേഷം എക്സൈസ് വരുമാനത്തിൽ ലൈസൻസ് ഫീസ്, മറ്റിനങ്ങൾ എന്നിവയിൽ 89.85 കോടി രൂപയുടെ കുറവു വന്നിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ കണക്കുകൾ പ്രകാരം ബാറുകൾ നിർത്തലാക്കിയതിനുശേഷം ഡ്യൂട്ടി ഇനത്തിൽ 37.69 കോടി രൂപയുടെയും ഗാലനേജ് ഫീസ് ഇനത്തിൽ 94.44 കോടി രൂപയുടെയും കുറവ് വന്നിട്ടുണ്ട്.

സർക്കാർ നൽകിയ ബാർ ലൈസൻസുകൾ

91 (96) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നാളിതുവരെ ഓരോ വർഷവും ഏതെല്ലാം സ്റ്റാറുകളിൽപ്പെട്ട എത്ര ബാർ ലൈസൻസുകൾ നൽകിയിട്ടുണ്ടായിരുന്നു ; ഓരോ വർഷവും നൽകിയ ബിയർ/വൈൻ ലൈസൻസുകൾ എത്ര എന്നും വ്യക്തമാക്കാമോ ;

(ബി) 2011, 2012, 2013, 2014 എന്നീ ഓരോ സാമ്പത്തിക വർഷത്തിലും ഏതെല്ലാം സ്റ്റാറുകളിൽപ്പെട്ട എത്ര ബാർ ലൈസൻസുകൾ പുതുക്കി നൽകിയിട്ടുണ്ടായിരുന്നു ; ഓരോ വർഷവും പുതുക്കി നൽകിയിരുന്ന ബിയർ/വൈൻ പാർലറുകൾ എത്ര ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly